**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **16-09-2025 - ൽ മറുപടിയ്ക്ക്**

**കെവിൻ വധകേസിലെ പ്രതികൾക്കു പരോൾ അനുവദിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എസ്.സി. 381/2018(സി.ആർ. 745/2018 ഗാന്ധിനഗർ പോലീസ് സ്റ്റേഷൻ) കെവിൻ വധകേസിലെ എത്ര പ്രതികൾക്കു പരോൾ അനുവദിച്ചിട്ടുണ്ടെന്നും പ്രതികളിൽ ആർക്കൊക്കെയാണ് പരോൾ അനുവദിച്ചതെന്നും ഇവരിൽ എത്ര പേർ ജയിലിൽ നിരോധിത വസ്തുക്കൾ ഉപയോഗിച്ചതിനും ജയിൽ അച്ചടക്കലംഘനത്തിനും നടപടിക്ക് വിധേയരായിട്ടുണ്ടെന്നും ജയിൽ ചട്ടലംഘനത്തിന് എത്ര പേർക്ക് എതിരെ കേസ് എടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (എ) | ബഹു. കോട്ടയം ജില്ലാ സെഷൻസ് കോടതിയുടെ എസ്.സി. 381/2018 എന്ന കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 10 പ്രതികളെ 28.08.2019 തീയതിയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ പ്രവേശിപ്പിച്ചു.<br><br>പ്രസ്തുത അന്തേവാസികളിൽ അവധി ആനുകൂല്യം അനുവദിച്ചു നൽകിയവരുടെ വിവരങ്ങളും ഇവരിൽ ജയിൽ അച്ചടക്കലംഘനം നടത്തിയ വർക്കെതിരെ സ്വീകരിച്ച നടപടി വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## അവധി ആനുകൂല്യം അനുവദിച്ചു നൽകിയവരുടെ വിവരങ്ങൾ

1) 3696 ഷാനു ചാക്കോ S/o ചാക്കോ ജോൺ (CP TVPM)

2) 3861 നിയാസ് മോൻ @ ചിന്നു S/o നസറുദ്ദീൻ (OP Nettukaltheri)

3) 5496- ഇഷാൻ ഇസ്മയിൽ S/o ഇസ്മയിൽ (CP Viyyur) .

4) 3699- റിയാസ് S/o ഇബ്രാഹിം കുട്ടി (CP, TVPM)

5) 3700- മനു മുരളീധരൻ S/o മുരളീധരൻ (CP, TVPM )

6) 3875 ഷിഫിൻ സജാദ് S/o സജാദ് മുഹമ്മദ് (OP, Nettukaltheri )

7) 3702 നിഷാദ് S/o നസറുദ്ദീൻ (CP, TVPM )

8) 3705- ഷാനു S/o ഷാജഹാൻ (OP Nettukaltheri)

## അച്ചടക്കനടപടിയ്ക്ക് വിധേയരായവരുടെ വിവരങ്ങൾ

1) 653/23- റ്റിറ്റു ജെറോം S/o ജെറോം കൊച്ചുകുട്ടി (CP, Kannur)

വിയ്യൂർ അതീവ സുരക്ഷാ ജയിലിൽ പാർപ്പിച്ചു വരവെ 02/11/2023 തീയതിയിൽ ജയിലിൽ കലാപം സൃഷ്ടിച്ചതിനെത്തുടർന്ന്, അച്ചടക്ക നടപടിയുടെ ഭാഗമായി തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയ്ക്കും, തുടർന്ന് കണ്ണൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലേയ്ക്കും മാറ്റുകയുണ്ടായി. 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗ്ഗീക സേവനങ്ങളും (നിർവഹണം) ചട്ടങ്ങളിലെ ചട്ടം 397(എൽ) (iii), 400(7) (ii) എന്നിവ പ്രകാരം പരിശോധിച്ച് 3 വർഷം നിരീക്ഷണ കാലയളവായി നിശ്ചയിച്ച് ആ കാലയളവിൽ അവധി ആനുകൂല്യങ്ങൾ റദ്ദ് ചെയ്തിട്ടുണ്ട്.

2) 5524- ഫസിൽ ഷെരീഫ് S/o ഷെരീഫ് (CP Viyyur )

7 സഹതടവുകാരുമായി ചേർന്ന് 2 തടവുകാരെ ആക്രമിക്കുകയും, ജയിലിൽ കലാപാന്തരീക്ഷം സൃഷ്ടിച്ചതിനെ തുടർന്ന് ഫസിൽ ഷെരീഫ്ന്റെ പേരിൽ വിയ്യൂർ പി.എസ് ക്രൈം 61/2023 പ്രകാരം കേസെടുത്തിട്ടുണ്ട്. അവധി നൽകി വരുന്നില്ല.

സെക്ഷൻ ഓഫീസർ